റെയിൽവെ സ്റ്റേഷൻ ടൂറിസം വകുപ്പിന്റെ ഒരു ഇൻഫർമേഷൻ കൗണ്ടറിന്റെ പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു.

(ബി) 25 ലക്ഷം രൂപ ചെലവ് ചെയ്ത് വർക്കല ഗസ്റ്റ് ഹൗസിനോട് ചേർന്ന് ഒരു ടൂറിസ്റ്റ് അമിനിറ്റി സെന്റർ ഇക്കൊല്ലം തന്നെ സ്ഥാപിക്കുന്നതാണ്. അടുത്ത ടൂറിസ്റ്റ് സീസണിൽ വർക്കലയിലെ പ്രധാന കേന്ദ്രങ്ങളിൽ സ്ഥല നാമബോർഡുകളും ബീച്ചിൽ വിവിധ ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കും. ക്ലിഫിലെ നടപ്പാതകളും ബീച്ചിലേക്കുള്ള റോഡുകളും, പടവുകളും പുതുക്കി പണിയുന്നതിനുള്ള നടപടികളും സ്വീകരിക്കും.

(സി) തിരുവനന്തപുരം-ഷൊർണ്ണൂർ ജലപാതയിൽ ആക്കുളം-കോവളം ഭാഗം ഗതാഗതയോഗ്യമാക്കുന്നതിനുള്ള പണികൾ ജലസേചനവകുപ്പ് തുടങ്ങിയിട്ടുണ്ട്. ഇതിനായി ടൂറിസം വകുപ്പ് സാമ്പത്തികസഹായം ചെയ്യുന്നുണ്ട്.

(ഡി) നെടുങ്കണ്ട-കാപ്പിൽ ജലപാതയുടെ വികസനത്തിന് ടൂറിസം വകുപ്പ് ഇതുവരെ നടപടികളൊന്നും എടുത്തിട്ടില്ല.

133 (152) വിനോദസഞ്ചാര വികസനം

ശ്രീ. കെ.സി.വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ ഡി.ടി.പി.സി. മുഖേന എന്തെല്ലാം പദ്ധതികളാണ് വിനോദസഞ്ചാര വികസനത്തിനായി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇനിയും നടപ്പിലാക്കേണ്ട പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിച്ച് വിനോദസഞ്ചാരത്തിന് ഉപയുക്തമാക്കുന്നതിനുവേണ്ടിയുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഇ) ആലപ്പുഴ ഡി.ടി.പി.സി.യുടെ കീഴിൽ നടത്താൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിൽ ഡി.ടി.പി.സി. മുഖേന നടപ്പിലാക്കാൻ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.

1. ടൂറിസ്റ്റ് അമിനിറ്റി സെന്റർ
2. കനാൽ ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി സിവ്യൂ പാർക്ക് വികസനം
3. രാജാകേശവദാസ് പാർക്കിന്റെ നവീകരണം
4. പിക്നിക് സ്പോട്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. പേ ആന്റ് യൂസ് പബ്ലിക് ബാത്ത് റൂം.

6. ടൂറിസ്റ്റ് ലക്ഷ്വറി ബോട്ടുകൾ നിർമ്മിക്കുക.

(ബി,സി) പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നുണ്ട്. അവയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

ടൂറിസ്റ്റ് അമിനിറ്റി സെന്റർ പണി പൂർത്തിയായിവരുന്നു. ഉടൻ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കനാൽ ബ്യൂട്ടിഫിക്കേഷൻ-സിവ്യൂ പാർക്കിനോടനുബന്ധമായി ഘട്ടം ഘട്ടമായി പൂർത്തിയായിവരുന്നു. മൂന്നാംഘട്ടം 7 ലക്ഷം രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് അനുസരിച്ച് ടെൻഡർ ചെയ്ത് വർക്ക് ഓർഡർ നൽകി.

രാജാകേശവദാസ് പാർക്ക്- വർക്ക് ഓർഡർ നൽകി. പണിയാരംഭിച്ചു.

പിക്നിക്ക് സ്പോട്ട് - ടെൻഡർ ചെയ്ത് വർക്ക് ഓർഡർ നൽകി. പണിയാരംഭിച്ചു.

പേ ആന്റ് യൂസ് പബ്ലിക് ബാത്ത് റൂം-ടെന്റർ ചെയ്ത് കരാർ നൽകുന്നതിനുള്ള നടപടികൾ എടുത്തു.

ലക്ഷ്വറി ബോട്ടുകൾ-ഒരു ബോട്ട് പണിത് ഇറക്കി. രണ്ടാമത്തെ ബോട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ഡി) കനാലുകൾ മൊത്തമായി നവീകരിക്കുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ ഡി.ടി.പി.സി.യെ ഏൽപിച്ചിട്ടില്ല. എന്നാൽ കനാൽ സൗന്ദര്യവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ഏറ്റെടുത്തിട്ടുള്ള സിവ്യൂ പാർക്ക് വികസനം, രാജാകേശവദാസ് പാർക്ക് നിർമ്മാണം എന്നീ പരിപാടികൾ പൂർണ്ണമായി പ്രവർത്തനക്ഷമമാകുമ്പോൾ കനാൽ ഏറിയഭാഗവും സൗന്ദര്യവല്ക്കരിക്കപ്പെടും എന്നും പ്രതീക്ഷിക്കുന്നു.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

134 (153) ലോക വിനോദസഞ്ചാര കൗൺസിലിൽ അംഗമാകുന്നതുകൊണ്ടുള്ള നേട്ടങ്ങൾ

ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ.ലതാദേവി :
ശ്രീ. പി.രാജു :
ശ്രീ. പി.നാരായണൻ :
ശ്രീ. കെ.പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക വിനോദസഞ്ചാര കൗൺസിൽ കേരളത്തെ തെരഞ്ഞെടുത്ത പങ്കാളിയായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലമായി കേരളത്തിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(സി) ലോക വിനോദസഞ്ചാരകൗൺസിൽ തെരഞ്ഞെടുത്ത് പങ്കാളിയായി സംസ്ഥാനത്തെ അംഗീകരിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly